ശ്രീ. എം. നാരായണക്കുറുപ്പ് : ഹൈക്കോടതി ജസ്റ്റിമാരായി പുറ രാജ്യത്തുനിന്നും ആളുകളെ നിയമിക്കുന്നതിനെപ്പറ്റി കേന്ദ്രഗവണ്മെന്റ് ഈ ഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : രേഖാമൂലമായി ഇതിനെപ്പറ്റി അഭി പ്രായം ആരാഞ്ഞിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഒരിക്കൽ നാഷനൽ ഡവലപ്പ് മെന്റ് കൗൺസിൽ കൂടിയപ്പോൾ, എല്ലാ സംസ്ഥാന ഹോം മിനിസ്റ്റേഴ്സിനെയും, ചീഫ് മിനിസ്റ്റേഴ്സിനെയും ഉൾപ്പെടുത്തിയ ഒരു കാൺഫറൻസിൽ ഈ കാര്യം ചർച്ചചെയ്തതായിട്ടറിയാം. കാരണം ഞാൻ അന്ന് അവിടെയുണ്ടായിരുന്നു.

കളപ്പെട്ടി ലോകസേവാശ്രമത്തിനു കൊടുത്ത സംഖ്യ.

* 1455. [12] ശ്രീ. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാട്ടു ജില്ലയിൽ കളപ്പെട്ടി ലോകസേവാശ്രമത്തിനു ഖാദി കമ്മിഷൻ ലോൺ വകയിലും, സബ്സിഡി വകയിലും എത്ര സംഖ്യ കൊടുത്തിരുന്നു;

(ബി) ഏതെല്ലാം ഇനങ്ങൾക്കുവേണ്ടി ;

(സി) ആ വകയിൽ എന്തെല്ലാം ഇന്നവിടെ നിലനിൽക്കുന്നുണ്ട് ;

(ഡി) ലോൺവല്ലതും തിരിയെ ഈടാക്കിയിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ to ഡി) പാലക്കാട്ടുജില്ലയിൽ കളപ്പെട്ടി ലോകസേവാശ്രമത്തിനു ലോണും, സബ്സിഡിയും കൊടുത്തിട്ടുള്ള തുകയുടെ വിവരം ഖാദികമ്മിഷനിൽ നിന്നും കിട്ടിയിട്ടില്ല. വിശദവിവരങ്ങൾക്കു ഖാദികമ്മിഷനു എഴുതിയിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ : വളരെയധികം തുക ലോണായിട്ടും, സബ്സിഡിയായിട്ടും വാങ്ങിയിട്ടുള്ള ഈ സ്ഥാപനത്തിൽ ഇന്നു യാതൊരു സാധനങ്ങളും നിലവിലില്ല എന്നു കേൾക്കുന്നതു ശരിയാണോ ?

ശ്രീ. കെ. പി ഗോപാലൻ : അതിനെപ്പറ്റി അന്വേഷിച്ചിട്ടേ പറയാൻ നിവൃത്തിയുള്ളൂ.

ഖാദിയും ഗ്രാമവ്യവസായവും സഹകരണസംഘവും പ്രസിഡന്റിന്റെ പേരിലുള്ള പണാപഹരണക്കേസും.

* 1456. [14] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ സംഘടിപ്പിക്കപ്പെട്ടിരുന്ന വ്യവസായസഹകരണസംഘങ്ങളെ വ്യവസായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മാറ്റിയോ; എങ്കിൽ എന്നുമുതൽക്ക് ;

(ബി) പ്രസ്തുത തീയതിക്കുശേഷം ഖാദിയും ഗ്രാമവ്യവസായങ്ങളും നടത്തുന്ന സഹകരണസംഘങ്ങളിലുണ്ടാകുന്ന കേസുകളും, ഹിയറിംഗ് കേട്ടു തീരുമാനിക്കുവാനുള്ള അതാറിട്ടി ഏതുദ്യോഗസ്ഥനാണ് ; ഈ ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേൽ അപ്പീൽ കേൾക്കാനുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അരുവിക്കരയിലെ ഖാദിയും ഗ്രാമവ്യവസായവും സഹകരണ സംഘവും നമ്പർ 3957-ന്റെ പേരിൽ പണാപഹരണക്കുറ്റം തെളിഞ്ഞിട്ടുണ്ടോ; തുക എന്താണ്;

(ഡി) ഈ തുക ഈടാക്കുവാനുള്ള ജപ്തി നടന്നിട്ട് കാലമെന്തായി; അവാർഡു അനുസരിച്ചുള്ള തുക ഈടാക്കിക്കൊടുക്കുവാനുള്ള മുമതല ഏതു ഉദ്യോഗസ്ഥനാണ്; അപ്രകാരം ഒരുദ്യോഗസ്ഥൻ നിയമിക്കപ്പെട്ടിട്ടില്ലെന്നു ഗവണ്മെന്റിനറിവുണ്ടോ;

(ഇ) സംഘംവക റിക്കാർഡുകളും പണാപഹരണക്കാരനായ മുൻ പ്രസിഡന്റിന്റെ പക്കൽനിന്നും പിടിച്ചെടുത്തു, പുതിയ സംഘം ഭരണ സമിതിയെ ഏൽപ്പിച്ചുകൊടുക്കാൻ കാലതാമസം ഉണ്ടാകുന്നതു എന്തുകൊണ്ടാണ്?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ) to (ഇ) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

ഭക്ഷിണ ഭക്ഷ്യമേഖല.

* 1457. [15] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷിണഭക്ഷ്യമേഖല ഉടനെന്നു അടുത്ത ദിവസം കേരള ഭക്ഷ്യോപദേശകസമിതി, കേന്ദ്രഗവണ്മെന്റിനോടഭ്യർത്ഥിക്കുന്ന ഒരു പ്രമേയം പാസാക്കി അയച്ചുവോ;

(ബി) കേന്ദ്രം അടുത്ത ദിവസം അൻപതിനായിരം ടൺ അരി കേരളത്തിനു അനുവദിക്കുകയുണ്ടായോ;

(സി) ഈ രാജ്യത്തു ഇപ്പോഴും ന്യായവില ഷാപ്പുകൾവഴി അരി വിതരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രവീതം?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) അയച്ചു.

(ബി) അനുവദിക്കുകയുണ്ടായി.

(സി) ഇപ്പോൾ ഒരാഴ്ചയിൽ ഒരു കാർഡിനു ഒരിടങ്ങഴി അരി വീതം വിതരണം നടത്തുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: ഭക്ഷ്യമേഖല എടുത്തുകളയണമെന്നു ഈ ഗവണ്മെന്റു ഔദ്യോഗികനിലയിൽ അഭിപ്രായപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: എടുത്തുകളയരുതെന്നു അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: ഭക്ഷ്യമേഖല വേണമെന്നു പറയുകയും, വേണ്ടിവന്നാൽ വെളിയിൽനിന്നും അരി വാങ്ങാനുള്ള അനുവാദം വേണമെന്നു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: പുറത്തുനിന്നും അരി തരാമെന്നു ചില കച്ചവടക്കാർ സമ്മതിച്ചതിനു അനുവാദത്തിനായി കേന്ദ്രത്തിലേക്കു എഴുതിയിരുന്നു.

ശ്രീ. കെ. എം. ജോർജ്ജ്: ഭക്ഷ്യമേഖലയിൽ സ്റ്റോറിൽനിന്നും എത്ര പേർ ഔദ്യോഗികനിലയിൽ അംഗങ്ങളായിട്ടുണ്ട്?

ശ്രീ. കെ. സി. ജോർജ്ജ്: ഇതിനെപ്പറ്റി വളരെ വിശദമായി ഇന്നലെ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞതാണ്. അതിന്റെ വിവരം ഇപ്പോൾ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly